**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3041** **25-06-2024 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ; | (എ) | പേരാമ്പ്ര മണ്ഡലത്തിലെ പഞ്ചായത്തുകളിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു . |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ജലജീവൻ പദ്ധതിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിന് വേണ്ടി കുഴിയെടുത്ത ഗ്രാമീണ റോഡുകളും പി.ഡബ്ല്യൂ.ഡി. റോഡുകളും യഥാസമയം പൂർവ്വസ്ഥിതിയിൽ ആക്കാത്തതുകൊണ്ട് വർഷകാലത്ത് റോഡുകളിൽ ഉണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | ഈ മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പ്രവൃത്തിയുടെ കുഴികൾ കാരണം അപകടങ്ങൾ ഒന്നും തന്നെ ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ല. ജൽ ജീവൻ മിഷൻ പദ്ധതികൾക്കായി പഞ്ചായത്ത് അധീനതയിൽ ഉള്ള റോഡുകൾ കുഴിക്കുമ്പോൾ ഉണ്ടാകുന്ന കുഴികൾ കരാർ വ്യവസ്ഥ പ്രകാരം പൂർവസ്ഥിതിയിലാക്കുന്നത് കരാറുകാരൻ തന്നെയാണ്. കരാർ വ്യവസ്ഥയിൽ ഉൾപ്പെട്ടിട്ടില്ലാത്ത പൊതുമരാമത്ത് റോഡ്, KSTP, KRFB, NH തുടങ്ങിയ റോഡുകൾ പൂർവ്വ സ്ഥിതിയിൽ ആക്കുന്നതിന് പണം അതാത് റോഡ് വിഭാഗങ്ങളിൽ അടവാക്കി റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ അതാത് റോഡ് വിഭാഗം മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത റോഡുകളിൽ പൈപ്പ് സ്ഥാപിച്ചതിന് ശേഷം താത്കാലിക റെസ്റ്റോറേഷൻ പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റിയുടെ കരാറുകാരൻ മുഖാന്തരം നടത്തുന്നുണ്ട്. ജല ജീവൻ മിഷൻ പ്രവൃത്തികളിൽ നിലവിൽ ഫണ്ട് ലഭ്യമാകുന്ന മുറക്ക് റോഡ്, റിസ്റ്റോറേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പഞ്ചായത്ത് | ഭരണാനുമതി തുക ലക്ഷത്തിൽ | ഭരണാനുമതി പ്രകാരമുള്ള കണക്ഷൻ | നൽകിയ കണക്ഷൻ | നിലവിലെ പ്രവർത്തന പുരോഗതി |
|---|---|---|---|---|---|---|
| 1 | ജലജീവൻ മിഷൻ തുറയൂർ പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതി. | തുറയൂർ | 1650 | 3352 | 3736 | 75.5 കിലോമീറ്റർ പൈപ്പ്ലൈൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഹർഘർജൽ പഞ്ചായത്തായി 24/08/2022 ന് പ്രഖ്യാപിച്ചു. |
| 2 | ജൽ ജീവൻ മിഷൻ ഒന്നാം , രണ്ടാം ഘട്ടം പേരാമ്പ്ര പഞ്ചായത്തിലേക്കുള്ള ജല വിതരണ പദ്ധതി. | പേരാമ്പ്ര | 6158 | 10300 | 566 | 192.6 കിലോമീറ്റർ സ്ഥാപിക്കാനുള്ളതിൽ 151 കിലോമീറ്റർ പൈപ്പ്ലൈൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. 18LL ഭൂതല ജലസംഭരണി പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | ജലജീവൻ മിഷൻ ചക്കിട്ടപാറ പഞ്ചായത്തിലേക്കുള്ള ജലവിതരണ പദ്ധതി. | ചക്കിട്ടപാറ | 5818 | 7197 | 69 | 220 കിലോമീറ്റർ സ്ഥാപിക്കാനുള്ളതിൽ 166.7 കിലോമീറ്റർ പൈപ്പ്ലൈൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. 2.5LL,1.5LL ഭൂതല ജലസംഭരണി പ്രവൃത്തി പൂർത്തീകരിച്ചു. 4 ഭൂതല ജല സംഭരണികൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിട്ടില്ല. |

| | | | | | | |
|---|---|---|---|---|---|---|
| 4 | ജെജെഎം ഫേസ്2 ഉള്ളിയേരി, മൂടാടി എന്നീ പഞ്ചായത്തുകളിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി. | അരിക്കുളം | 8169.3 | 8062 | 1556 | 123 കിലോമീറ്റർ പൈപ്പ്ലൈൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. 9.5LL ഉന്നതതല ജല സംഭരണി പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 5 | ജെജെഎം ഫേസ്2 ഉള്ളിയേരി, മൂടാടി എന്നീ പഞ്ചായത്തുകളിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി. | നൊച്ചാട് | 10408.1 | 9967 | 0 | 187 കിലോമീറ്റർ സ്ഥാപിക്കാനുള്ളതിൽ 159 കിലോമീറ്റർ പൈപ്പ്ലൈൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. 14LL ഭൂതല ജലസംഭരണി പ്രവൃത്തി പുരോഗമിക്കുന്നു. |
| 6 | ജെജെഎം ഫേസ്2 ഉള്ളിയേരി, മൂടാടി എന്നീ പഞ്ചായത്തുകളിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി. | കീഴരിയൂർ | 5236.2 | 4818 | 310 | 92 കിലോമീറ്റർ പൈപ്പ്ലൈൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. 8LL ഭൂതല ജലസംഭരണി പ്രവൃത്തി പുരോഗമിക്കുന്നു. |
| 7 | ജെജെഎം ഫേസ്2 ഉള്ളിയേരി, മൂടാടി എന്നീ പഞ്ചായത്തുകളിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി. | മേപ്പയൂർ | 9637.3 | 9107 | 143 | 198 കിലോമീറ്റർ സ്ഥാപിക്കാനുള്ളതിൽ 150 കിലോമീറ്റർ പൈപ്പ്ലൈൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. 15LL ഉന്നതതല ജല സംഭരണി പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| 8 | ജെജെഎം ഫേസ്2 ഉള്ളിയേരി, മൂടാടി എന്നീ പഞ്ചായത്തുകളിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി. | ചങ്ങരോത്ത് | 11508.2 | 11305 | 1270 | 180 കിലോമീറ്റർ സ്ഥാപിക്കാനുള്ളതിൽ 159 കിലോമീറ്റർ പൈപ്പ്ലൈൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. 12LL ഉന്നതതല ജല സംഭരണി പ്രവൃത്തി പൂർത്തീകരിച്ചു. |
| 9 | ജെജെഎം ഫേസ്2 ഉള്ളിയേരി, മൂടാടി എന്നീ | കൂത്താളി | 6253.5 | 5986 | 432 | 122 കിലോമീറ്റർ സ്ഥാപിക്കാനുള്ളതിൽ |

| | | | | | | |
|---|---|---|---|---|---|---|
| | പഞ്ചായത്തുകളിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി. | | | | | 113 കിലോമീറ്റർ പൈപ്പ്ലൈൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. 10LL ഉന്നതതല ജല സംഭരണി പ്രവൃത്തി പൂർത്തീകരിച്ചു. |
| 10 | ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കലും ഗാർഹിക കുടിവെള്ള കണക്ഷൻ നൽകലും അനുബന്ധ പ്രവൃത്തിയും | ചെറുവണ്ണൂർ | 8184.72 | 4316 | 0 | വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി 65%പൂർത്തീകരിച്ചു.പ്രധാന പൈപ്പ്ലൈൻ ,ബൂസ്റ്റർസ്റ്റേഷൻ ,ക്ലിയർ വാട്ടർ പമ്പിങ് മെയിൻ,ജല സംഭരണി എന്നിവയുടെ പ്രവൃത്തികൾ പലതവണ ടെൻഡർ ചെയ്തെങ്കിലും ഇതേവരെ ഓഫർ ലഭിച്ചിട്ടില്ല. പ്രവൃത്തി വീണ്ടും ടെൻഡർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |